# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**മാർച്ച് 28**

**March 28** **2019**

***1193 മീനം 14 വ്യാഴം***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**സർക്കാർ ഉദ്യോഗസ്ഥർ മാതൃകാ പെരുമാറ്റച്ചട്ടം പാലിക്കണം**

പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃക പെരുമാറ്റച്ചട്ടം നിലനിൽക്കേ സർക്കാർ ഉദ്യോഗസ്ഥർ ഫെയ്സ്ബുക്ക്, വാട്സ്അപ്പ്, ട്വിറ്റർ തുടങ്ങിയ സമൂഹ മാധ്യമങ്ങളിലൂടെയോ, മറ്റേതെങ്കിലും വിധത്തിലോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളോട് അനുഭാവം പ്രകടിപ്പിച്ച് പോസ്റ്റുകളിടാനോ, ഷെയർ ചെയ്യാനോ, ലൈക്ക് ചെയ്യാനോ പാടില്ല. നിർദേശം പാലിക്കാത്ത സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ല തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് അറിയിച്ചു.

മാതൃകാ പെരുമാറ്റച്ചട്ടം സർക്കാർ സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ബാധകമാണ്. സർക്കാർ കെട്ടിടങ്ങളിൽ രാഷ്ട്രീയപാർട്ടികളുടെ പോസ്റ്ററുകൾ, ബാനറുകൾ എന്നിവ പതിക്കാൻ പാടില്ല. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഭരണനേട്ടങ്ങൾ പരാമർശിക്കുന്ന ഫോട്ടോകളും നോട്ടീസും അടിയന്തിരമായി നീക്കം ചെയ്യണം. സർക്കാർ ജീവനക്കാർ രാഷ്ട്രീയ പാർട്ടികൾക്കായി ഓഫീസുകളിൽ പ്രചാരണം നടത്തുകയോ വോട്ട് അഭ്യർഥിക്കുകയോ ചെയ്യരുത്. സർക്കാർ പരിപാടികളിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളോ, രാഷ്ട്രീയ പാർട്ടികളുടെ പരിപാടികളിൽ ഉദ്യോഗസ്ഥരോ പങ്കെടുക്കാൻ പാടില്ലെന്നും കളക്ടർ നിർദേശിച്ചു. (ഇലക്ഷൻ: 76/19)

## ഭിന്നശേഷിക്കാർക്ക് 'ആപ്പുമായി' തെരഞ്ഞെടുപ്പ് കമ്മീഷൻ

ലോക്സഭാ തെരഞ്ഞെടുപ്പ് ഭിന്നശേഷി സൗഹൃദമാക്കാൻ പ്രത്യേക ആപ്ലിക്കേഷനുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ. പി.ഡബ്ല്യു.ഡി. (പേഴ്സൺ വിത്ത് ഡിസെബിലിറ്റി) എന്ന പേരിൽ പുറത്തിറക്കിയിരിക്കുന്ന ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്ന് ഡൗൺലോഡ് ചെയ്ത് ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാം. ശാരീരിക വൈകല്യമുള്ളവർക്ക് പ്രശ്നങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുന്നതിനും സേവനങ്ങൾ ആവശ്യപ്പെടുന്നതിനുമുള്ള സൗകര്യം ഈ ആപ്പിലുണ്ട്. പി.ഡബ്ല്യു.ഡി. വോട്ടർ എന്ന നിലയിൽ പുതുതായി രജിസ്റ്റർ ചെയ്യുന്നതിനും നിലവിലെ വോട്ടർ ലിസ്റ്റിൽനിന്ന് പി.ഡബ്ല്യു.ഡി. വോട്ടർ ആകുന്നതിനുമുള്ള സൗകര്യവും ആപ്പ് വഴി ലഭ്യമാണ്. അനുയോജ്യമായ പോളിംഗ് സ്റ്റേഷൻ ലഭ്യമാക്കുന്നതിനും പ്രത്യേകമായ ക്യൂ ഒരുക്കുന്നതിനുമെല്ലാം രജിസ്റ്റർ ചെയ്യുന്നവർക്ക് കമ്മീഷൻ സൗകര്യമൊരുക്കും. വീൽച്ചെയർ ആവശ്യമുള്ളവർക്ക് ഇതിലൂടെ ആവശ്യപ്പെടാം. പോളിംഗ് ബൂത്ത് എവിടെയാണെന്ന് കണ്ടെത്തുന്നതിനും നാവിഗേഷൻ സെറ്റ് ചെയ്യുന്നതിനുമുള്ള സൗകര്യവും ആപ്ലിക്കേഷനിലുണ്ട്. ജില്ലയിൽ വോട്ടിംഗ് ശതമാനം നൂറിൽ നൂറ് ആക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ ഭരണകൂടം മുന്നോട്ട് പോകുന്നത്. ഭിന്നശേഷിക്കാരായ എല്ലാവരും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ ആപ്പ് സേവനം പൂർണമായി വിനിയോഗിക്കണമെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി. നൂഹ് അറിയിച്ചു. (ഇലക്ഷൻ: 77/19)

## തെരഞ്ഞെടുപ്പ് ജോലി:
## ഒഴിവാകൽ അപേക്ഷകൾ പരിശോധിക്കാൻ വെൽഫെയർ കമ്മിറ്റി

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കപ്പെട്ടവർ, അതിൽനിന്നും ഒഴിവാക്കണമെന്ന് അഭ്യർഥിച്ച് നൽകുന്ന അപേക്ഷകൾ പരിശോധിക്കാൻ ജില്ലാ ഇലക്ഷൻ ഓഫീസറുടെ അധ്യക്ഷതയിൽ വെൽഫെയർ കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായി. ജില്ലാ ഇലക്ഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ (കളക്ടറേറ്റ്, പത്തനംതിട്ട), അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (കളക്ടറേറ്റ്, പത്തനംതിട്ട), ജില്ല ലോ ഓഫീസർ (കളക്ടറേറ്റ്, പത്തനംതിട്ട) എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെടുന്നവർ അനാവശ്യ കാരണങ്ങൾ ചൂണ്ടിക്കാട്ടി ജോലിയിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിലാണ് വെൽഫെയർ കമ്മിറ്റി രൂപീകരിച്ചത്.

പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്കുള്ള നിയമന ഉത്തരവുകൾ പുറപ്പെടുവിച്ചു. ജീവനക്കാർ യഥാസമയം റിഹേഴ്സൽ ക്ലാസിൽ പങ്കെടുക്കണം. പങ്കെടുക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഐപിസി 176, 187 വകുപ്പുകൾ പ്രകാരം അറസ്റ്റ് ഉൾപ്പെടെ നിയമ നടപടികൾ സ്വീകരിക്കും. പോളിംഗ് ബൂത്തുകളുടെ എണ്ണം വർധിച്ചിട്ടുള്ളതിനാൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 4770 ജീവനക്കാരാണ് ഇലക്ഷൻ ഡ്യൂട്ടിക്ക് ആവശ്യമായിരുന്നത്. ഇത്തവണ തെരഞ്ഞെടുപ്പിന് 6208 ജീവനക്കാരെ വേണം. അതിനാൽ ഗുരുതരമായ രോഗം/അവശതമൂലം ശയ്യാവലംബരായിട്ടുള്ള കേസുകളിൽ (ക്യാൻസർ, ഡയാലിസിസിന് വിധേയരാകുന്നവർ/മെന്റലി റിട്ടയാർഡ്/ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാവ്, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ) എന്നിവർ ഒഴികെയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ലഭിക്കുന്ന അപേക്ഷകളിൽ ഡിഎംഒ നോഡൽ ഓഫീസറായുള്ള മെഡിക്കൽ ടീം പരിശോധിച്ച് തീരുമാനമെടുക്കും. അടിയന്തര സാഹചര്യങ്ങൾ മൂലം ഡ്യൂട്ടിക്ക് ഹാജരാകുന്നതിന് പറ്റാതിരിക്കുന്ന സാഹചര്യങ്ങൾ പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ അധ്യക്ഷനാകുന്ന വെൽഫെയർ കമ്മിറ്റി മുമ്പാകെ അപേക്ഷ നൽകാം. അപേക്ഷ നൽകുന്ന

കേസുകളിൽ ഇത് പരിഗണിച്ച് ഇലക്ഷൻ പരിശീലനം/ഇലക്ഷൻ ജോലിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിപ്പ് ലഭിക്കാത്തവർ അവർക്ക് ലഭിച്ച പോസ്റ്റിംഗ് ഓർഡറിൽ നിഷ്കർഷിച്ച പ്രകാരം ഇലക്ഷൻ പരിശീലനത്തിന്/ഇലക്ഷൻ ജോലിക്ക് യഥാസമയം ഹാജരാകണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി.നൂഹ് അറിയിച്ചു.

(ഇലക്ഷൻ: 78/19)

## നാമനിർദേശ പത്രികയും സത്യവാങ്മൂലവും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർഥികളുടെയും നാമനിർദേശ പത്രികയും സത്യവാങ്മൂലവും തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പത്രിക സമർപ്പിച്ച് 24 മണിക്കൂറിനകമാണ് ഈ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്. അപൂർണമായ സത്യവാങ്മൂലവും കൗണ്ടർ സത്യവാങ്മൂലവുമുണ്ടെങ്കിൽ അതും സൈറ്റിൽ പ്രസിദ്ധീകരിക്കും.

നാമനിർദേശ പത്രികയും ഫോം 26 ൽ നൽകുന്ന സത്യവാങ്മൂലവും റിട്ടേണിംഗ് ഓഫീസറുടെയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെയും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കും. നാമനിർദേശ പത്രിക സമർപ്പിക്കുന്ന അവസാന ദിവസം വൈകിട്ട് മൂന്നിനുശേഷം എല്ലാ നാമനിർദേശ പത്രികയുടേയും പട്ടിക പ്രസിദ്ധീകരിക്കും.സ്ഥാനാർഥികളെ മൂന്ന് വിഭാഗമായി തിരിച്ച്, ഓരോ വിഭാഗത്തിലും ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലാണ് പട്ടിക ക്രമീകരിക്കുന്നത്. സ്ഥാനാർഥിയുടെ പൂർണ മേൽവിലാസം ഇതിൽ രേഖപ്പെടുത്തും.

(ഇലക്ഷൻ: 79/19)

## പത്രിക സമർപ്പണം വീഡിയോയിൽ ചിത്രീകരിക്കും

ലോക്സഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥികൾ നാമനിർദേശ പത്രിക സമർപ്പിക്കുന്നത് വീഡിയോയിൽ ചിത്രീകരിക്കും. നാമനിർദേശ പത്രിക സമർപ്പിക്കുന്ന അവസാന ദിവസം ഉച്ചയ്ക്ക് രണ്ടു മുതൽ തുടർച്ചയായതും എഡിറ്റ് ചെയ്യാത്തതുമായ ചിത്രീകരണം ഉണ്ടാകുമെന്നും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി.നൂഹ് അറിയിച്ചു.

(ഇലക്ഷൻ: 80/19)

## മറക്കരുത് കുടിശിക തീർക്കാൻ

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർ സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ കുടിശിക തീർത്തിരിക്കണം. വൈദ്യുതി, വെള്ളം, ഫോൺ, വാടക (സർക്കാർ കെട്ടിടത്തിന്റെ) എന്നിവയുടെ കുടിശിക തീർക്കുകയും കുടിശികയില്ലെന്ന സർട്ടിഫിക്കറ്റ് നാമനിർദേശ പത്രിക സമയത്ത് ഹാജരാക്കുകയും വേണം. (ഇലക്ഷൻ: 81/19)

## നാമനിർദേശ പത്രികയോടൊപ്പം സ്ഥാനാർഥികൾ ഫോട്ടോ നൽകണം

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ബാലറ്റിൽ ഉൾപ്പെടുത്തുന്നതിനായി നാമനിർദേശ പത്രികയോടൊപ്പം സ്ഥാനാർഥികൾ സ്വന്തം ഫോട്ടോ സമർപ്പിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് അറിയിച്ചു. ഫോട്ടോയുടെ മറുവശത്ത് സ്ഥാനാർഥി ഒപ്പിട്ടിരിക്കണം. തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിന്റെ മൂന്ന് മാസത്തിനുള്ളിൽ എടുത്തതായിരിക്കണം ഫോട്ടോ. വെളുത്ത പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയുടെ വലിപ്പം 2 സെന്റി മീറ്റർ x 2.5 സെന്റി മീറ്റർ സ്റ്റാമ്പ് സൈസ് ആയിരിക്കണം. സാധാരണ വസ്ത്രം ധരിച്ച് വേണം എടുക്കാൻ. യൂണിഫോം പാടില്ല. തൊപ്പി, കൂളിംഗ് ഗ്ലാസ് ഒഴിവാക്കണം. ഫോട്ടോ നാമനിർദേശ പത്രികയോടൊപ്പം നൽകിയില്ലെങ്കിൽ സൂക്ഷ്മ പരിശോധനയ്ക്ക് മുമ്പായി നൽകണം. ഫോട്ടോ നൽകാത്തതുകൊണ്ട് മാത്രം പത്രിക തള്ളില്ല. പക്ഷേ, ബാലറ്റിൽ സ്ഥാനാർഥിയുടെ ചിത്രം ഉണ്ടാവില്ല. ഫോട്ടോ നൽകുന്നതിനൊപ്പം സത്യവാങ്മൂലം നൽകണമെന്നും കളക്ടർ അറിയിച്ചു.

(ഇലക്ഷൻ: 82/19)

## വോട്ടെണ്ണൽ കേന്ദ്രവും പോളിംഗ് സാമഗ്രി വിതരണ കേന്ദ്രവും കളക്ടർ സന്ദർശിച്ചു

ലോക്സഭാ തെരഞ്ഞെടുപ്പിൽ പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രവും വോട്ടെണ്ണൽ കേന്ദ്രവുമായി പരിഗണിക്കുന്ന ചെന്നീർക്കര കേന്ദ്രീയ വിദ്യാലയം ജില്ലാ തെരെഞ്ഞെടുപ്പ് ഓഫീസറും, ജില്ലാ കളക്ടറുമായ പി.ബി നൂഹ് സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി.ഏഴു നിയമസഭാ മണ്ഡലങ്ങളിലെ വി വി പാറ്റ് മെഷീനുകൾ ക്രമീകരിക്കുന്നതിനായി കൂടുതൽ സ്ഥലസൗകര്യങ്ങൾ ആവശ്യമാണെന്നും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ജില്ലാ കളക്ടർ അറിയിച്ചു.

(ഇലക്ഷൻ: 83/19)

## ഭിന്നശേഷിക്കാർക്കായി ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ വിലയിരുത്തി

ജില്ലയിലെ ഭിന്നശേഷിക്കാർക്ക് വോട്ടവകാശം വിനിയോഗിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി നൂഹ് പറഞ്ഞു. പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ ഭിന്നശേഷിക്കാരുടെ വോട്ടവകാശം സുഗമമായി വിനിയോഗിക്കുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വാഹനസൗകര്യം ആവശ്യമായവർക്ക് അത് കൃത്യമായി ഉറപ്പ് വരുത്തുമെന്നും വേണ്ടാത്തവർ അത് എഴുതി നൽകണമെന്നും കളക്ടർ യോഗത്തിൽ അറിയിച്ചു. ഭിന്നശേഷിക്കാരെ പോളിംഗ് ബൂത്തുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കൃത്യമായി ആസൂത്രണം ചെയ്യുന്നതിനും ഇ.ആർ.ഒമാരെ കളക്ടർ ചുമതലപ്പെടുത്തി. ഭിന്നശേഷിക്കാർക്കായി 96 സെക്ടറിനും ഓരോ വാഹനം കൂടി അനുവദിക്കും. ഓരോ പഞ്ചായത്തിലുള്ളവരുടെ ലിസ്റ്റ് പ്രത്യേകം ക്രമീകരിച്ച് സെക്ടർ ഓഫീസർ ആക്ഷൻ പ്ലാൻ തയാറാക്കും. അവരുടെ ചുമതലയിലുള്ള ബൂത്തുകളുടെയും ഭിന്നശേഷിയുള്ളവരെ കൊണ്ടുപോകേണ്ടതിന്റേയും റൂട്ട് പ്ലാൻ തയാറാക്കണം. ഇത് സംബന്ധിച്ച റിപ്പോർട്ടും പ്ലാനും സെക്ടർ ഓഫീസർമാരിൽ നിന്നും ഇ.ആർ.ഒമാർ ഈ മാസം 30 ന് ശേഖരിച്ച് ജില്ലാതിരഞ്ഞെടുപ്പ് ഓഫീസർക്ക് കൈമാറണം. വോട്ട് രേഖപ്പെടുത്തുന്നതിന് വാഹനങ്ങളിൽ പോളിംഗ് ബൂത്തുകളിലെത്തിക്കുന്നവരെ തിരിച്ച് അതത് സ്ഥലങ്ങളിൽ മടക്കി എത്തിക്കണം. വീൽചെയർ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് 576 സ്ഥലങ്ങളിലാണെന്നും, ഒരു സ്ഥലത്ത് ഒരു വീൽചെയർ സൗകര്യമെങ്കിലും നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണെന്നും സോഷ്യൽ ജസ്റ്റിസ് ഓഫീസർ ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ജില്ലാ കളക്ടർ നിർദേശിച്ചു.

തഹസിൽദാർമാരായ ഡി.സന്തോഷ്കുമാർ, എൻ ബാലസുബ്രഹ്മണ്യം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ജി.ബാബുരാജൻ, വനിതാ ശിശുവികസന വകുപ്പ് ഓഫീസർ എൽ.ഷീബ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാരായ കെ.കെ ജയമോൾ, സെയിറാ എസ്മായേൽ, ഡി.ഡബ്ല്യു.സി.ഡി.ഒ സീനിയർ ക്ലർക്ക് എസ് അനിതകുമാരി, ഡി.എസ്.ജെ.ഒ ജൂനിയർ സൂപ്രണ്ട് ജി.സ്വപ്നമോൾ വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(ഇലക്ഷൻ: 84/19)

## അഗ്നിബാധ: സുരക്ഷയൊരുക്കിയില്ലെങ്കിൽ പിഴ 50000 രൂപ മുതൽ; ഉത്തരവിറങ്ങി

ബഹുനില മന്ദിരങ്ങളിലെ അഗ്നിബാധയും അതിനോട് അനുബന്ധിച്ചുണ്ടാകുന്ന അപകടങ്ങളും തടയുന്നതിനും, അഗ്നി സുരക്ഷസംവിധാനങ്ങൾ ജാഗ്രതയോടെ

കൈകാര്യം ചെയ്യുന്നതിനും നിർദേശം നൽകി ജില്ല കളക്ടർ പി ബി നൂഹ് ഉത്തരവിറക്കി. സംസ്ഥാനത്തുടനീളം വ്യവസായ കേന്ദ്രങ്ങളിലും, വാണിജ്യകേന്ദ്രങ്ങളിലും, ഉയർന്ന കെട്ടിടങ്ങളിലും അഗ്നിബാധയും അപകടങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഗ്നിസുരക്ഷസംവിധാനങ്ങൾ വേണ്ട രീതിയിൽ പരിപാലിക്കപ്പെടുന്നതിലേക്കും 2005 ദുരന്തനിവാരണ വകുപ്പ് 30(23) പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് കളക്ടർ അറിയിച്ചു.

വ്യവസായ വാണിജ്യസ്ഥാപനങ്ങൾ, ഫ്ളാറ്റുകൾ, വീടുകൾ, ആശുപത്രികൾ, സ്കൂളുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ആവശ്യമായ അഗ്നി സുരക്ഷ സംവിധാനങ്ങൾ ഉണ്ടോയെന്ന് ഏഴ് ദിവസത്തിനകം പരിശോധിക്കണം. ഇതിനായി ജില്ലയിലെ ഫയർ സ്റ്റേഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തി. ഇത്തരം പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ ഏഴ് ദിവസത്തിനകം പരിഹരിക്കണമെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി അല്ലെങ്കിൽ ഉടമയക്ക് ഫയർസ്റ്റേഷൻ ഓഫീസർമാർ നേരിട്ട് നോട്ടീസ് നൽകും. നോട്ടീസ് സമയപരിധിക്ക് ശേഷം അപാകതകൾ പരിഹരിക്കാത്ത പക്ഷം ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് ജില്ലാ ഫയർ ഓഫീസർ സമർപ്പിക്കണം. ജില്ലാ ഫയർ ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകൾ അഞ്ച് ദിവസത്തിനകം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവി അല്ലെങ്കിൽ ഉടമയക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റി നേരിട്ട് നോട്ടീസ് നൽകണം.

സമയപരിധിക്കകം പാലിക്കപ്പെടാത്ത പക്ഷം ദുരന്തനിവാരണ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കും. ജില്ലാ ദുരന്തനിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള നോട്ടീസ് പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കപ്പെടാത്ത സ്ഥാപന മേധാവിക്കെതിരെ 2005 ലെ ദുരന്തനിവാരണ നിയമം വകുപ്പ് 51 പ്രകാരം ഒരു വർഷം വരെയുള്ള തടവ് ശിക്ഷയോ കെട്ടിടത്തിന്റെ ബിൽഡപ്പ് ഏരിയയുടെ ഓരോ ചതുരശ്ര മീറ്ററിനും 10 രൂപ എന്ന നിരക്കിൽ പിഴ ചുമത്തുന്നതോ, ഇവ രണ്ടും കൂടിയോ വിധേയമാക്കും. ഇത്തരത്തിൽ ഈടാക്കുന്ന കുറഞ്ഞ പിഴ 50,000 രൂപ ആയിരിക്കും. അന്തരീക്ഷ താപനില വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡമ്പിംഗ് യാർഡുകളിൽ മാലിന്യങ്ങളും മറ്റും കത്തിക്കുമ്പോൾ പൊതുജനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതീവ ജാഗ്രത പാലിക്കേണ്ടതാണ്, തീ പടർന്ന് പിടിക്കാതിരിക്കവാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കേണ്ടതാണെന്നും കളക്ടർ അറിയിച്ചു. (പിഎൻപി 971/19)

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂൺ 2019 വ്യാവസായി തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും പ്രൈവറ്റായി നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ നാലിന് വൈകിട്ട് മൂന്ന് വരെ നോഡൽ ഐടിഐയിൽ അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരം http:det.kerala.gov.in എന്ന വെബ്സൈറ്റിലും ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിലും ലഭിക്കും. ഫോൺ: 0468 2258710. (പിഎൻപി 972/19)

## ജില്ലയിൽ താപനില ഉയരുന്ന സാഹചര്യത്തിൽ സുരക്ഷാ മുന്നറിയിപ്പ് പുറപ്പെടുവിച്ചു

പത്തനംതിട്ട ജില്ലയിൽ അന്തരീക്ഷ താപനില കൂടി വരുന്നത് കണക്കിലെടുത്ത് ഉഷ്ണ തരംഗ, സൂര്യാഘാത, സൂര്യതാപ പ്രതിരോധത്തിന് ജില്ലാ കലക്ടർ പി.ബി.നൂഹിന്റെ അധ്യക്ഷതയിൽ ചേർന്ന അടിയന്തിര യോഗം സുരക്ഷാ മുന്നറിയിപ്പ് പുറപ്പെടുവിച്ചു. രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. പോലീസ്, ട്രാഫിക്ക് ഉദ്യോഗസ്ഥർ, എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ, റോഡ്

പണിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, മാധ്യമ പ്രവർത്തകർ, കൃഷിയിടങ്ങളിൽ പണിയെടുക്കുന്നവർ, വഴിയോര കച്ചവടക്കാർ, ഹോട്ടൽ തൊഴിലാളികൾ, ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ തുടങ്ങി പുറം ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും സുരക്ഷാ മുന്നറിയിപ്പുകൾ കർശനമായി പാലിക്കണം. പരീക്ഷാ കാലമായതിനാൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേകം ശ്രദ്ധ പുലർത്തണം. അവധിക്കാലത്ത് വിനോദ സഞ്ചാരത്തിന് കൊണ്ടു പോകുന്ന സ്കൂളുകളിൽ രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് വരെയുള്ള സമയം കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പു വരുത്തണം. അവധിക്കാലമായതിനാൽ കുട്ടികൾ പുറത്തിറങ്ങി കളിക്കുന്ന സാഹചര്യം ഒഴിവാക്കണം. അങ്കണവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതത് പഞ്ചായത്ത് അധികൃതരും അങ്കണവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാതിരിക്കാൻ തൊഴിൽ സമയം പുനക്രമീകരിച്ച് ലേബർ കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ട്. തൊഴിൽ ദാതാക്കൾ ഈ നിർദേശം കർശനമായി പാലിക്കണം. പക്ഷിമൃഗാദികളെ തണൽ ഉള്ള സ്ഥലങ്ങളിൽ പാർപ്പിക്കുവാനും ആവശ്യത്തിന് വെള്ളം നൽകുവാനും ശ്രദ്ധിക്കണം.

തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ജാഗ്രത പുലർത്തണം. നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുവാനും, അയഞ്ഞ ഇളം നിറത്തിലുള്ള പരുത്തി വസ്ത്രങ്ങൾ ധരിക്കുവാനും, പുറത്തിറങ്ങുമ്പോൾ കുടയും ആവശ്യമെങ്കിൽ സൺ ഗ്ലാസ് ഉപയോഗിക്കുവാനും ശ്രദ്ധിക്കണം. പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗമുള്ളവർ പകൽ സമയം നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പിൽ മാർച്ച് 28 വരെ ജില്ലയിൽ താപനില രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരുവാൻ സാധ്യതയുണ്ടെന്ന് പ്രവചിച്ചിട്ടുണ്ട്. ഈ സാഹചര്യം പരിഗണിച്ച് എല്ലാ ഉദ്യോഗസ്ഥർക്കും സുരക്ഷാ മുന്നറിയിപ്പ് നൽകിട്ടുണ്ട്. തലകറക്കം, ഛർദ്ദി, തൊലിപ്പുറത്ത് തടിപ്പ്, നിറ വ്യത്യാസം, കിതപ്പ്, വിളർച്ച, ബോധക്ഷയം എന്നിവ സൂര്യതാപമേറ്റതിന്റെ ലക്ഷണങ്ങൾ ആവാം. രോഗിയെ ഉടൻ തന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുക. ജില്ലയിൽ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൂര്യഘാതം നേരിടുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കളക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂര്യാതപം, വരൾച്ച എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയുവാനും അറിയിക്കുവാനും 0468 2222515/ 0468 2322515/ 8078808915 നമ്പറുകളിൽ ബന്ധപ്പെടുക. (പിഎൻപി 973/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ലോക്സഭാ തെരഞ്ഞെടുപ്പിൽ പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രവും വോട്ടെണ്ണൽ കേന്ദ്രവുമായി പരിഗണിക്കുന്ന ചെന്നീർക്കര കേന്ദ്രീയ വിദ്യാലയം ജില്ലാ തെരെഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി നൂഹ് സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 28<br>March 28 | 2019 |
|---|---|

*1193 മീനം 14 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

ലോക്സഭാ തെരഞ്ഞെടുപ്പ് 2019

## റോഡിൽ തെരഞ്ഞെടുപ്പ് എഴുത്ത് പാടില്ല – ജില്ലാ കളക്ടർ

തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി റോഡിൽ സ്ഥാനാർഥികളുടെ പ്രചാരണ എഴുത്തുകൾ നടത്തരുതെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി. നൂഹ് പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ഥാനാർഥികൾ നാമനിർദേശപത്രിക സമർപ്പിക്കുന്നത് സംബന്ധിച്ചും, ഹരിത തിരഞ്ഞെടുപ്പ് സംബന്ധിച്ച ചട്ടങ്ങളും യോഗത്തിൽ കളക്ടർ വിശദീകരിച്ചു.

ഹരിത തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ജില്ലയിൽ ഫ്ളക്സ്, പ്ലാസ്റ്റിക് വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ നാമനിർദേശപത്രിക സമർപ്പിക്കേണ്ട സമയം മാർച്ച് 28 മുതൽ ആരംഭിച്ചിട്ടുണ്ട്. പൊതുഅവധി ദിവസമായ ഞായറാഴ്ച പത്രിക സ്വീകരിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഒരാൾക്ക് നാല് സെറ്റ് വരെ പത്രികകൾ സമർപ്പിക്കാൻ സാധിക്കും. കളക്ടറേറ്റിലും കോന്നി എ.ആർ.ഒയുടെ ഓഫീസിലുമാണ് പത്രികകൾ സ്വീകരിക്കുന്നത്. രാവിലെ പതിനൊന്ന് മുതൽ വൈകിട്ട് മൂന്ന് വരെയാണ് പത്രിക സമർപ്പിക്കുന്നതിന് അനുവദിച്ചിരിക്കുന്ന സമയം. ഏപ്രിൽ അഞ്ചിന് സൂക്ഷ്മപരിശോധന നടത്തും. ഏപ്രിൽ എട്ട് വരെ പത്രിക പിൻവലിക്കാൻ സാധിക്കും. നാമനിർദേശപത്രികയ്ക്കൊപ്പം ഫോം 26ന്റെ പുതുക്കിയ മാതൃകയിൽ സത്യവാങ്മൂലവും നൽകണം. നാമനിർദേശ പ്രതികയ്ക്ക് ഒപ്പം

സ്ഥാനാർഥിയുടെ 2.25 വലുപ്പത്തിലുള്ള മൂന്ന് സ്റ്റാമ്പ് സൈസ് ഫോട്ടോ ഹാജരാക്കണം. ഈ ഫോട്ടോയുടെ പിന്നിൽ സ്ഥാനാർഥിയും ഏജന്റും ഒപ്പിടണം.

പോളിംഗ് ഡ്യൂട്ടിയുള്ളവരുടെ പരിശീലനം ഏപ്രിൽ ഒന്ന് മുതൽ രണ്ട് ഘട്ടമായി നടക്കും. ജില്ലയിലെ ഭിന്നശേഷിക്കാർക്കും കിടപ്പുരോഗികൾക്കും സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ജില്ലാ ഭരണകൂടം ഏർപ്പെടുത്തും. ജില്ലയിലെ 3094 ഭിന്നശേഷിക്കാർക്കാണ് വാഹനസൗകര്യം ആവശ്യമുള്ളത്. ഇവർക്ക് വാഹനസൗകര്യം കെ.എസ്.ആർ.ടി.സിയുടെ സഹകരണത്തോടെ ഏർപ്പെടുത്തും. മാർച്ച് 30 മുതൽ ഏപ്രിൽ ആറ് വരെ ഭിന്നശേഷി വോട്ടർമാർക്കായി വോട്ടിംഗ് യന്ത്രം പരിചയപ്പെടുത്തൽ, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വോട്ട് ചെയ്ത ശേഷം ഇവരെ തിരികെ വീട്ടിലെത്തിക്കാനുള്ള സൗകര്യവും, ബൂത്തുകളിൽ വീൽചെയർ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ബൂത്ത് ലെവൽ ഓഫീസർമാരല്ലാത്ത ആയിരത്തോളം അങ്കണവാടി പ്രവർത്തകരുടെ സേവനമാണ് ഭിന്നശേഷിക്കാർക്കായി ഉപയോഗപ്പെടുത്തുന്നത്. എല്ലാ ബൂത്തുകളിലും റാമ്പ് സൗകര്യം, മെഡിക്കൽ കിറ്റ്, വിശ്രമകേന്ദ്രം, കുടിവെള്ള സൗകര്യം, സഹായകേന്ദ്രം, ശൗചാലയം എന്നിവയും ഏർപ്പെടുത്തും.

ഹരിത തെരഞ്ഞെടുപ്പ് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കുന്നതിനായി എല്ലാവരും സഹകരിക്കണമെന്നും കളക്ടർ അഭ്യർഥിച്ചു. എല്ലാ സ്ഥാനാർഥികളും പാർട്ടികളും ഫ്ളക്സ്, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ, ഡിസ്പോസിബിൾ വസ്തുക്കൾ തുടങ്ങി പ്രകൃതിക്ക് ദോഷമാകുന്ന വസ്തുക്കൾ പ്രചാരണത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന് നേരത്തെ നിർദേശം നൽകിയിരുന്നു. കൊടിതോരണങ്ങൾ പൂർണമായും പ്ലാസ്റ്റിക്, പി.വി.സി മുക്തമായിരിക്കണമെന്നും ഔദ്യോഗിക പരസ്യങ്ങൾക്കും സൂചകങ്ങൾക്കും ബോർഡുകൾക്കും കോട്ടൺ, പേപ്പർ തുടങ്ങിയവ മാത്രം ഉപയോഗിക്കണമെന്നും അദ്ദേഹം അറിയിച്ചു. ജില്ല, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ ഫെസിലിറ്റേഷൻ യൂണിറ്റുകൾ സജ്ജമാക്കാനും തെരഞ്ഞെടുപ്പിന് ശേഷം പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാനും കളക്ടർ നിർദേശം നൽകി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്.സന്തോഷ്കുമാർ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ അഡ്വ.റ്റി.സക്കീർ ഹുസൈൻ, അബ്ദുൾ ഷുക്കൂർ, ബി.ഷാഹുൽ ഹമീദ്, ജോൺസ് യോഹന്നാൻ, വാളകം ജോൺ, ഷിബു സി സാം, ഇലക്ഷൻ വിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(ഇലക്ഷൻ: 85/19)

## പണം പിടിച്ചെടുക്കൽ: പരാതി പരിശോധിക്കാൻ മൂന്നംഗ സമിതി

തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണ സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന പണം സംബന്ധിച്ച് ഉണ്ടാകാവുന്ന പരാതികൾ പരിശോധിക്കുന്നതിനായി മൂന്നംഗ സമിതിയെ ജില്ലാ കളക്ടർ പി.ബി.നൂഹ് നിയമിച്ചു. മാതൃകാ പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലയിലുടനീളം വിന്യസിച്ചിട്ടുള്ള വിവിധ സ്ക്വാഡുകൾ പിടിച്ചെടുക്കുന്ന മതിയായ രേഖകളില്ലാത്ത പണമോ മറ്റ് വസ്തുക്കളോ ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിട്ടുനല്കുന്നതിന് സമിതി മുൻപാകെ അപേക്ഷ നൽകാവുന്നതാണ്. ചെലവ് നോഡൽ ഓഫീസർ കൂടിയായ ജില്ലാ ഫിനാൻസ് ഓഫീസർ എൻ.നന്ദകുമാർ കൺവീനറും ജില്ലാ ട്രഷറി ഓഫീസർ മാത്യൂസ് ഫിലിപ്പ്, ജില്ലാ പി.എ.യു പ്രോജക്ട് ഡയറക്ടർ എൻ.ഹരി എന്നിവർ അംഗങ്ങളുമായി മൂന്നംഗ ജില്ലാതല കമ്മറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്. (ഇലക്ഷൻ: 86/19)

## വോട്ടേഴ്സ് ഹെൽപ്പ് ലൈൻ ; ഇതുവരെ ലഭിച്ചത് 762 കോളുകൾ

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാരുടെ സംശയനിവാരണത്തിനായി പ്രവർത്തിക്കുന്ന കളക്ടറേറ്റിലെ ഹെൽപ്പ് ലൈനിൽ ഇതുവരെ

ലഭിച്ചത് 762 ഫോൺകോളുകൾ. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കൽ, പോളിംഗ് ബൂത്ത് കണ്ടുപിടിക്കൽ, പുതിയ ഐ.ഡി കാർഡിനും ഡ്യൂപ്ലിക്കേറ്റിനും അപേക്ഷിക്കൽ, മണ്ഡലം മാറ്റം തുടങ്ങി എല്ലാ സംശയങ്ങൾക്കും ഈ നമ്പരിൽ വിളിക്കാൻ സാധിക്കും. എം.സി.സി, സി-വിജിൽ തുടങ്ങിയത് സംബന്ധിച്ച സംശയങ്ങൾക്കുള്ള ഫോൺകോളുകൾ അതാത് വിഭാഗത്തിലേക്ക് ഫോർവേഡ് ചെയ്യുമെന്നും, കംപ്ലയിന്റ് മോണിട്ടർ കൺട്രോൾ റൂമിൽ നിലവിൽ പരാതികളൊന്നും എത്തി തുടങ്ങിയിട്ടില്ലായെന്നും ഹെൽപ് ലൈൻ ചുമതലയുള്ള നോഡൽ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ ആർ.രാജലക്ഷ്മി അറിയിച്ചു. പരാതികൾ അറിയിക്കുന്നതിനുള്ള നമ്പർ: 0468 2320942, 320943.

(ഇലക്ഷൻ: 87/19)

## വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ നടക്കുന്ന മുന്നൊരുക്കങ്ങൾ വിലയിരുത്തി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്.സന്തോഷ്കുമാറിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സ്വീപ്, എം.സി.സി, ഇ.വി.എം മാനേജ്മെന്റ്, ലോആൻഡ് ഓർഡർ, ഐ.സി.റ്റി ആപ്ലിക്കേഷൻ, മാൻ പവർ മാനേജ്മെന്റ്, ഗതാഗതം, മാധ്യമങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്വീപിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി മികച്ച പ്രവർത്തനങ്ങളാണ് ജില്ലയിലുടനീളം നടത്തി വരുന്നത്. നാല് തെരുവുനാടകങ്ങൾ, ഇ.വി.എം മായി ബന്ധപ്പെട്ടുള്ള വിശദീകരണ ക്ലാസുകൾ, ഹരിത തിരഞ്ഞെടുപ്പ് റാലി, സ്കൂളുകളിൽ ബോധവത്ക്കരണ ക്ലാസുകൾ, തുടങ്ങിയവയും ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസറെ ഉൾപ്പെടുത്തിയുള്ള യോഗങ്ങളും സംഘടിപ്പിച്ചതായി സ്വീപ് നോഡൽ ഓഫീസർ കെ.കെ വിമൽരാജ് യോഗത്തിൽ അറിയിച്ചു.

എം.സി.സിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി രേഖകളില്ലാത്ത പണവുമായി വന്ന രണ്ട് വാഹനങ്ങളും മദ്യം കടത്തിയ ഒരു വാഹനവും ജില്ലയിൽ ഇതുവരെ കസ്റ്റഡിയിലെടുത്തു. സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെന്നും, സി-വിജിൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് ഇതുവരെ 60 പരാതികൾ ലഭിച്ചുവെന്നും അതിൽ 41 എണ്ണം തീർപ്പാക്കിയെന്നും യോഗത്തിൽ അറിയിച്ചു. ഇ.വി.എം മാനേജ്മെന്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒന്നാംഘട്ട റാൻഡമൈസേഷൻ പൂർത്തീകരിച്ചു കഴിഞ്ഞു. ആറ് ഒബ്സർവർമാരാണ് നിരീക്ഷണത്തിനായി എത്തുന്നതെന്നും നോഡൽ ഓഫീസർ ജി.ഉല്ലാസ അറിയിച്ചു.

ലോ ആൻഡ് ഓർഡർ പ്രവർത്തനങ്ങൾക്കായി ഇ-പോസ്റ്റിംഗ് വളരെ സജീവമായി നടന്നുവരുന്നുണ്ട്. സാങ്കേതിക സഹായം സോഫ്റ്റ് വെയർ മുഖേന ലഭ്യമാക്കുന്നുണ്ടെന്നും അഡീഷൻ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ നോഡൽ ഓഫീസർ ക്ലമന്റ് ലോപ്പസ് യോഗത്തിൽ വിശദീകരിച്ചു. സാങ്കേതിപരമായ എല്ലാ പ്രവർത്തനങ്ങളും ഐ.സി.റ്റി ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് നടന്നുവരുന്നുണ്ടെന്ന് നോഡൽ ഓഫീസർ ചുമതലയുള്ള ആലീസ് ആൻഡ്രൂസ് കോട്ടാരി അറിയിച്ചു. കൂടാതെ, സൈബർ സെക്യൂരിറ്റി ലഭ്യമാണെന്നും സുവിധ സോഫ്റ്റ് വെയർ ഉപയോഗിച്ച് സുഗമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും അറിയിച്ചു.

ഇ.വി.എം, വി വി പാറ്റ് മെഷീനുകളുടെ ട്രാൻസ്പോർട്ടിംഗിനായി 38 വാഹനങ്ങൾ ജില്ലയിലുടനീളം സജ്ജീകരിച്ചിട്ടുള്ളതാണ് നോഡൽ ഓഫീസർ ജിജി ജോർജ് യോഗത്തിൽ അറിയിച്ചു. കൂടാതെ, ജി.പി.എസ് സംഘടിപ്പിച്ച 31 ഇന്നോവ വാഹനങ്ങളും ഭിന്നശേഷിക്കാരുടെ യാത്രാസൗകര്യത്തിനുള്ള വാഹനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ നോഡൽ ഓഫീസർമാരായ ആർ.രാജലക്ഷ്മി (ഹെൽപ് ലൈൻ), ബി.ജ്യോതി(മാൻപവർ മാനേജ്മെന്റ്), ജിജി ജോർജ് (എസ്എംഎസ് മോണിറ്ററിങ്), ആർ.അനിൽകുമാർ(എംസിസി), വില്യം ജോർജ് (ഈവിഎം), എം.ഷാജഹാൻ(ബാലറ്റ് ആൻഡ് ഡമ്മി ബാലറ്റ്), സി.മണിലാൽ(മീഡിയ),

ഡിവൈഎസ് പി എസ് അനിലകുമാർ(ഡിസിആർബി) തുടങ്ങിയവർ പങ്കെടുത്തു.

(ഇലക്ഷൻ: 88/19)

## ഹാഷ് ടാഗ് നിർദേശിക്കൂ, സമ്മാനം നേടൂ..

കന്നി വോട്ടർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീപ് വോട്ടർ ബോധവത്ക്കരണ പദ്ധതിയുടെ ഭാഗമായി ഹാഷ്ടാഗ് മത്സരം. സമൂഹമാധ്യമങ്ങളിൽ പ്രചാരണത്തിന് ഉപയോഗിക്കുന്നതിന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള ചെറിയ വാക്കുകളാണ് പരിഗണിക്കുക. ഈ ഹാഷ്ടാഗ് തിരുവല്ല നിയോജകമണ്ഡലത്തിലെ കന്നി വോട്ടർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തും. ഏറ്റവും നല്ല ഹാഷ്ടാഗുകൾ നിർദ്ദേശിക്കുന്നവർക്ക് ആയിരം രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുമാണ് സമ്മാനം. എൻട്രികളും പേരും ബന്ധപ്പെടേണ്ട നമ്പരുമുൾപ്പെടെ +916238508874 എന്ന നമ്പരിലേക്ക് വാട്സ് ആപ് ചെയ്യാം. എൻട്രികൾ മാർച്ച് 30ന് വൈകിട്ട് അഞ്ചിന് മുൻപായി ലഭിക്കണം. ഒരു ഫോണിൽ നിന്നും ഒരു എൻട്രി മാത്രമേ അയയ്ക്കാൻ സാധിക്കൂ. ഏപ്രിൽ രണ്ടിനായിരിക്കും ഫലപ്രഖ്യാപനം. തിരുവല്ലയിൽ നടക്കുന്ന ചടങ്ങിൽ സബ്കളക്ടർ ഡോ.വിനയ് ഗോയൽ വിജയിക്കുള്ള സമ്മാനം വിതരണം ചെയ്യും.

(ഇലക്ഷൻ: 89/19)

## വോട്ടിനായി കുട്ടിപ്രതിജ്ഞ

എന്റെ കുടുംബത്തിലെ മുതിർന്നവർ അവരുടെ സമ്മതിദാനവകാശം വിനിയോഗിക്കുന്നതിന്റെ ആവശ്യകതയും, ഉത്തരവാദിത്വവും ബോധ്യപ്പെടുത്തി കൊടുക്കുകയും നിയമപരമായി സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതിഞ്ജ ചെയ്യുന്നു. സ്വീപ് ബോധവത്ക്കരണ പദ്ധതിയുടെ ഭാഗമായാണ് പ്രതിജ്ഞ സംഘടിപ്പിച്ചത്. ജില്ലാ കളക്ടർ പി.ബി നൂഹ് ചൊല്ലിക്കൊടുത്ത വോട്ട് പ്രതിജ്ഞ ഏറ്റുചൊല്ലി പത്തനംതിട്ട അമൃതവിദ്യാലയത്തിലെ വിദ്യാർഥികൾ മാതൃകയായി. ലോകത്ത് ബൃഹത്തായ ഭരണഘടനയാണുള്ളത്. നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട ചുമതല ഭരണഘടനയ്ക്കുണ്ട്. സമ്മതിദാനവകാശം ഉള്ള എല്ലാവരും അത് വിനിയോഗിക്കണം. പരാതികൾ ഉണ്ടെങ്കിൽ അത് മാറ്റി നിർത്തി കഴിവുള്ളവരെ വിജയിപ്പിക്കണമെന്നും ഭരണസംവിധാനങ്ങൾ നിലനിന്നാൽ മാത്രമേ വികസനം സാധ്യമമാകുകയുള്ളുവെന്നും കളക്ടർ വിദ്യാർഥികളോട് പറഞ്ഞു. വീട്ടിലുള്ളവരെ വോട്ട് ചെയ്യാൻ പ്രേരിപ്പിക്കുകയും അതിന്റെ ആവശ്യകത കുട്ടികളുടെ ഭാഷയിൽ വീട്ടുകാർക്ക് മനസിലാക്കി കൊടുക്കണമെന്നും കളക്ടർ പറഞ്ഞപ്പോൾ വിദ്യാർഥിസദസിൽ നിന്നും നിറഞ്ഞ കൈയ്യടി ഉയർന്നു.

ചടങ്ങിൽ എഡിസി ജനറലും സ്വീപ് നോഡൽ ഓഫീസറുമായ കെ കെ വിമൽരാജ്, അമൃതവിദ്യാലയം പ്രൻസിപ്പൽ ആർ സേതുമാധവൻ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. (ഇലക്ഷൻ: 90/19)

## ചുരുക്കപ്പട്ടിക

ജില്ലയിൽ എക്സൈസ് വകുപ്പിൽ ഡ്രൈവർ (കാറ്റഗറി നമ്പർ 659/2017), വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) (കാറ്റഗറി നമ്പർ 231/2016) തസ്തികകളിലേക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു.

(പിഎൻപി 974/19)

## റേഷൻ കാർഡ് വിതരണം

റാന്നി താലൂക്ക് സപ്ലൈ ഓഫീസിൽ മാർച്ച് 15 വരെ ലഭിച്ച റേഷൻ കാർഡ് സംബന്ധമായ അപേക്ഷകളിൽ തീർപ്പായവ ഏപ്രിൽ ഒന്ന് മുതൽ 11 വരെ വിതരണം ചെയ്യും. റാന്നി, അയിരൂർ, ചെറുകോൽ പഞ്ചായത്തുകളിലുള്ളത് ഒന്നിനും എട്ടിനും പഴവങ്ങാടി, അങ്ങാടി

പഞ്ചായത്തുകളിലുള്ളത് രണ്ടിനും ഒമ്പതിനും അത്തിക്കയം, വെച്ചൂച്ചിറ പഞ്ചായത്തുകളിലുള്ളത് മൂന്നിനും 10നും പെരുനാട്, വടശേരിക്കര പഞ്ചായത്തുകളിലുള്ളത് നാലിനും 11നും വിതരണം ചെയ്യും. (പിഎന്‍പി 975/19)

## ഫോട്ടോ അടിക്കുറിപ്പ്

1) സ്വീപ്പ് ബോധവത്ക്കരണ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട അമൃത വിദ്യാലയത്തില്‍ ജില്ലാ കളക്ടര്‍ പി.ബി.നൂഹ് വിദ്യാര്‍ഥികള്‍ക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.
2) ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്ന വിവിധ രാഷ്ട്രീയ പാര്‍ട്ടി പ്രതിനിധികളുടെ യോഗത്തില്‍ ജില്ലാ കളക്ടര്‍ പി.ബി.നൂഹ് സംസാരിക്കുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**